**കേരള വനംവകുപ്പ്**
**റിസർച്ച് നോർത്ത് ഡിവിഷൻ, തൃശ്ശൂർ.**

## <u>ഇ-ദർഘാസ് പരസ്യം</u>

KFDDO/166499/2024-WPRNTSR/NE തിയ്യതി: 17/12/2024

സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം. 26/17/എഫ്&ഡബ്ല്യു.എൽ.ഡി തിയ്യതി 20.05.2017 പ്രകാരം കേരള വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിലവിൽ യോഗ്യരായ 'എ,ബി,സി' ക്ലാസ്സ് കരാറുകാരിൽ നിന്നും, താഴെ പട്ടികയിൽ വിവരിക്കുന്ന പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഇ-ടെണ്ടർ മുഖേന ദർഘാസ് ക്ഷണിക്കുന്നു. ദർഘാസുകാർ വനം വകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും, ഇതരവ്യവസ്ഥകളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etender.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ State Bank of India-യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റ് ബാങ്കുകളുടെകാര്യത്തിൽ NEFT വഴിയോ ഓൺലൈൻ ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ www.etender.kerala.gov.in എന്ന വെബ് സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ദർഘാസ് പ്രമാണങ്ങളും www.etender.kerala.gov.in എന്ന വെബ് സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etender.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കു ശേഷം ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ദർഘാസിനോടൊപ്പം കേരള സർക്കാരിന്റെ 200/- രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റിന്റെയും മറ്റു രേഖകളുടെയും സ്കാൻ ചെയ്ത കോപ്പി ഓൺലൈനായി സമർപ്പിക്കേണ്ടതും, അവയുടെ ഒറിജിനൽ, സ്പീഡ്/രജിസ്റ്റേർഡ് പോസ്റ്റ് മുഖേന തൃശ്ശൂർ റിസർച്ച് നോർത്ത് ഡിവിഷൻ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ മുമ്പാകെ ഇ-ദർഘാസ് തുറക്കുന്നതിനു മുമ്പ് സമർപ്പിക്കേണ്ടതുമാണ്. ഇ-ദർഘാസുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ NEFT-ൽ നിന്നോ www.etender.kerala.gov.in വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ് ഡെസ്കിൽ നിന്നോ ഈ കാര്യാലയത്തിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാതു കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്.കരാറുകാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ദർഘാസ് സ്വീകരിച്ച ശേഷം പ്രവർത്തി ലഭിച്ച കരാറുകാരൻ എഗ്രിമെൻറ് വെച്ച് ജോലി ഏറ്റെടുക്കാൻ വീഴ്ച വരുത്തിയാൽ ടി പ്രവൃത്തികൾ ബന്ധപ്പെട്ട കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനഃദർഘാസ് ചെയ്യുന്നതും ഇപ്രകാരം പുനഃദർഘാസ് മൂലം സർക്കാരിനു വരുന്ന നഷ്ടങ്ങൾക്ക് ഒറിജിനൽ കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതും അപ്രകാരം ഉണ്ടാകുന്ന നഷ്ടങ്ങൾ വീഴ്ച വരുത്തിയ കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്ന് റവന്യൂ റിക്കവറി ആക്ട് പ്രകാരം ഈടാക്കുന്നതാണ്. ഇതിനായി 200/- രൂപ മുദ്രപത്രത്തിൽ ഒരു സമ്മതപത്രം എഴുതി ഒപ്പിട്ട് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. കേരള പൊതുമരാമത്ത് വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും ഈ ടെണ്ടറിനും ബാധകമായിരിക്കും. ദർഘാസിനായി പരസ്യപ്പെടുത്തിയ തിയ്യതി ഏതെങ്കിലും കാരണത്താൽ അവധിയാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സ്ഥലത്തും സമയത്തും ദർഘാസ് നടത്തുന്നതായിരിക്കും. ഈ ദർഘാസിലെ ഏതൊരു പ്രവർത്തിയും ഒരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാകുന്നു. ദർഘാസിനെ സംബന്ധിച്ച് വിവരങ്ങൾ ചുവടെ പട്ടികയിൽ വിവരിക്കുന്നു.

PIN Code - 670646

| ക്രമ നം. | ടെണ്ടർ നം. | പ്രവൃത്തിയുടെ പേര് | ജോലി ചെയ്യുന്ന സ്ഥലം | ജോലിയുടെ അളവ് ഏകദേശം | അടങ്കൽ തുക |
|---|---|---|---|---|---|
| 1 | 01/2024 | 2024-25 വർഷത്തിൽ മാനന്തവാടി റിസർച്ച് റെയിഞ്ചിനു കീഴിലെ ബേഗൂർ റെയിഞ്ചിലെ 1981 ബേഗൂർ ബിറ്റ് I & ബിറ്റ് II തേക്ക് തോട്ടങ്ങളിലെ പരിചരണവും വിത്തു ശേഖരണവും സംബന്ധിച്ച ജോലികൾ | മാനന്തവാടി റിസർച്ച് റെയിഞ്ച് | 10 ഹെക്ടർ 500 കി.ഗ്രാം. തേക്ക് വിത്ത് | 2,57,000/- |

മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവ് ഏകദേശമാണ്. ജോലി പൂർത്തീകരിക്കുന്ന അവസരത്തിൽ അളവിൽ വ്യത്യാസം വരാവുന്നതാണ്. യഥാസമയം ജോലികൾ ചെയ്തു തീർക്കാത്തപക്ഷം നിലവിലുള്ള നിയമപ്രകാരം വനം വകുപ്പ് നിശ്ചയിക്കുന്ന പിഴ ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. നിലവിലുള്ള എല്ലാ ദർഘാസ്/കരാർ നിബന്ധനകളും ഈ കരാറിനും ബാധകമായിരിക്കും.

| ക്രമ നം. | ടെണ്ടർ നം. | പ്രവൃത്തിയുടെ പേര് | ഏകദേശ അടങ്കൽ | നിരതദ്രവ്യം | ദർഘാസ് ഫോറത്തിന്റെ വില | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|
| 1 ഷഷ | 01/2024 | 2024-25 വർഷത്തിൽ മാനന്തവാടി റിസർച്ച് റെയിഞ്ചിനു കീഴിലെ ബേഗൂർ റെയിഞ്ചിലെ 1981 ബേഗൂർ ബിറ്റ് I & ബിറ്റ് II തേക്ക് തോട്ടങ്ങളിലെ പരിചരണവും വിത്തു ശേഖരണവും സംബന്ധിച്ച ജോലികൾ | 2,57,000/- | 6,500/- | 550+ GST (18%) | വീഡിംഗ് ജോലികൾ 2025 ഫെബ്രുവരി 15, വിത്തു ശേഖരണം 2025 മാർച്ച് 31 |

610

| | | | |
|---|---|---|---|
| ടെണ്ടർ ഫോം വെബ് സൈറ്റിൽ ലഭ്യമാകുന്ന തിയ്യതി: | | 18/12/2024 | 05.00 PM |
| ടെണ്ടർ സ്വീകരിക്കുന്ന തിയ്യതി സമയവും | : | 28/12/2024 | 05.00 PM വരെ |
| ടെണ്ടർ തുറക്കുന്ന തിയ്യതി സമയവും | : | 31/12/2024 | 11.00 AM |
| റീടെണ്ടർ ആവശ്യമായി വരികയാണെങ്കിൽ | | | |
| ടെണ്ടർ സ്വീകരിക്കുന്ന തിയ്യതി സമയവും | : | 01/01/2025 | 05 PM വരെ |
| ടെണ്ടർ തുറക്കുന്ന തിയ്യതി സമയവും | : | 03/01/2025 | 11 AM |
| വീണ്ടും റീടെണ്ടർ ആവശ്യമായി വരികയാണെങ്കിൽ | | | |
| ടെണ്ടർ സ്വീകരിക്കുന്ന തിയ്യതി സമയവും | : | 06/01/2025 | 05 PM വരെ |
| ടെണ്ടർ തുറക്കുന്ന തിയ്യതി സമയവും | : | 09/01/2025 | 11 AM |

**കെ.കെ. സുനിൽകുമാർ ഐ.എഫ്.എസ്.**
ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ
റിസർച്ച് നോർത്ത് ഡിവിഷൻ, തൃശ്ശൂർ
(കേരള ഗവർണർക്കുവേണ്ടി)

## ദർഘാസ് നിബന്ധനകൾ

1. ജി.ഒ. (എം.എസ്) നം.-26/2017/വനം-വന്യജീവിവകുപ്പ് തീയ്യതി 20/05/2017 എന്ന സർക്കാർ ഉത്തരവിലെ എല്ലാ വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ദർഘാസ് സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും പി.ഡബ്ല്യൂ.ഡി. ദർഘാസ് വ്യവസ്ഥകൾക്കും, സ്റ്റോർ പർചേയ്സ് വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്.

2. ദർഘാസ് പ്രമാണങ്ങൾ ദർഘാസ് ഷെഡ്യൂളുകളും www.etender.kerala.gov.in എന്ന വെബ് സൈറ്റിൽലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ www.etender.kerala.gov.in ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽNEFT വഴിയോ ഓൺലൈൻ ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഫോറത്തിൻറെ വില ഒരിക്കൽ അടച്ചത് ഒരു കാരണവശാലും തിരിച്ചു നൽകുകയോ, മറ്റ് ജോലികൾക്കുള്ള ദർഘാസ് ഫോറത്തിന്റെ വിലയിലേക്ക് മാറ്റി നൽകുകയോ ചെയ്യുന്നതല്ല.

3. കരാറുകാരൻ കരാർ തുക ശതമാനത്തിൽ അക്കത്തിലോ, അക്ഷരത്തിലോ, നിശ്ചിത കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തിയതിൽ വ്യത്യാസമുള്ള പക്ഷം കുറഞ്ഞ തുക രേഖപ്പെടുത്തിയത് കണക്കിലെടുക്കുകയും, ആയത് അംഗീകരിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ദർഘാസിൽ രേഖപ്പെടുത്തിയ തുക വനം വകുപ്പിന്റെ അടങ്കൽ തുകയേക്കാൾ വളരെ കുറഞ്ഞ തുകയാണെങ്കിൽ ടി തുകയ്ക്ക് ടി ജോലി ചെയ്യുവാൻ സാധിക്കുകയില്ലെന്ന് വനംവകുപ്പിന് സംശയം ഉണ്ടാകുന്ന പക്ഷം ഇക്കാര്യത്തിൽ കരാറുകാരന്റെ വിശദീകരണം തേടുന്നതും ആയത് ബോദ്ധ്യപ്പെടുകയാണെങ്കിൽ, പ്രത്യേക സുരക്ഷാ തുകയായി കരാർ തുകയുടെ 10% പരമാവധി 30,000/രൂപ കരാറുകാരൻ കരാർ സ്ഥിരപ്പെടുത്തുന്നതിനു മുമ്പായി അടയ്ക്കേണ്ടതാണ്. കരാറുകാരൻ സമർപ്പിച്ച വിശദീകരണം ബോദ്ധ്യപ്പെടാത്തപക്ഷം ദർഘാസ് നിരാകരിക്കുവാൻ വനംവകുപ്പിന് അധികാരമുള്ളതായിരിക്കും.

4. ദർഘാസ് സമർപ്പിക്കുന്നതിനു മുമ്പ് കരാറുകാരൻ, ദർഘാസ് കരാർ വ്യവസ്ഥകളും, ജോലി നടത്തേണ്ടതായ സ്ഥലവും, പ്രവൃത്തികളും പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സമർപ്പിച്ചതിനുശേഷം ഇക്കാര്യത്തിലുള്ള അവകാശവാദങ്ങൾ പിന്നീട് ഒരു കാരണവശാലും കണക്കിലെടുക്കുന്നതല്ല.

5. നിശ്ചിത സമയപരിധിക്കകം ലഭിക്കാത്ത ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

6. ദർഘാസ്/ലേലങ്ങൾ തൃശ്ശൂർ റിസർച്ച് നോർത്ത് ഡിവിഷൻ കാര്യാലയത്തിൽ നിശ്ചയിച്ചിരിക്കുന്ന സമയത്ത് തൽസമയം ഹാജരുള്ള ദർഘാസുകാരുടേയോ അവർ രേഖാമൂലം ചുമതലപ്പെടുത്തുന്ന പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ഓൺലൈനായി തുറക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ മതിയായ കാരണംകൊണ്ട് ദർഘാസ് തുറക്കുന്ന ദിവസം അവധിയായി പ്രഖ്യാപിക്കുകയോ പ്രവൃത്തി ദിനം അല്ലാതെ വരുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തിദിവസം അതേസമയത്തും സ്ഥലത്തും ടെണ്ടർ തുറക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

7. സാധാരണയായി കുറവ് തുക രേഖപ്പെടുത്തിയ ഇ-ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. എന്നാൽ ഏത് ദർഘാസ് സ്വീകരിക്കുവാനോ, നിരാകരിക്കുവാനോ, ഉള്ള അധികാരം ദർഘാസ് അംഗീകരിക്കുന്ന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

8. ദർഘാസ് സമർപ്പിച്ചതിനുശേഷം അത് പിൻവലിക്കുവാൻ കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

9. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്റ്റേർഡ് കത്ത് മുഖാന്തരം അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 15 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള ദർഘാസ് വിലയുടെ 0.1% (മിനിമം 200 രൂപ) വിലയുള്ള കേരള സർക്കാർ മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പുവയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പുവയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽതൊട്ടടുത്ത നിരക്ക്

രേഖപ്പെടുത്തിയിട്ടുള്ള ആളിനെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽക്കൂടി നടത്തുന്നതാണ്. ഇതിൽവെച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്ന പക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

10. വിജയിയാകുന്ന കരാറുകാരൻ കരാർ തുകയുടെ 10% പരമാവധി 5,00,000/- (അഞ്ചു ലക്ഷം രൂപ) സെക്യൂരിറ്റി അടയ്ക്കേണ്ടതാണ്. ടി സെക്യൂരിറ്റി തുക കരാർ ജോലി അവസാനിച്ച് കരാറുകാരന്റെ ബാദ്ധ്യത തിട്ടപ്പെടുത്തിയതിനുശേഷം മാത്രം തിരികെ നൽകുന്നതായിരിക്കും.
11. കരാറുകാരൻ സോൾവൻസി നടത്തിയിട്ടുള്ള വസ്തുക്കൾ കരാർ കാലാവധിയിൽ അന്യാധീനപ്പെടുത്തുവാൻ പാടുള്ളതല്ല. ഇക്കാര്യത്തിൽ ആവശ്യമായ സമ്മതപത്രം കരാർ ഒപ്പിടുന്ന സമയത്ത് നൽകേണ്ടതാണ്.
12. ദർഘാസ് തുറന്നതിനുശേഷം ലഭിക്കുന്ന യാതൊരു വാഗ്ദാനങ്ങളും സ്വീകരിക്കുന്നതല്ല.
13. കരാർ ലഭിക്കാത്ത കരാറുകാരുടെ നിരതദ്രവ്യം വിജയിയായ കരാറുകാരന്റെ ദർഘാസ് സ്ഥിരപ്പെടുത്തിയതിനുശേഷം തിരികെ നൽകുന്നതാണ്.
14. പട്ടികയിൽ കാണിച്ചിട്ടുള്ള ജോലിയുടെ അളവ് ഏകദേശം മാത്രമാണ്. നടപ്പിലാക്കുന്ന സമയത്ത് അളവിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതാണ്. യഥാർത്ഥ അളവിലുള്ള ജോലി ചെയ്യുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.
15. പട്ടികയിൽ പറഞ്ഞ വീഡിംഗ് ജോലികൾ 2025 ജനുവരി മാസത്തിൽ ആരംഭിച്ച് 2025 ഫെബ്രുവരി 15-നകം പൂർത്തിയാക്കേണ്ടതും വിത്തു ശേഖരണം 2025 മാർച്ച് 31-നു മുമ്പായി അവസാനിപ്പിക്കേണ്ടതുമാണ്. ജോലി തുടങ്ങുന്ന തിയ്യതി മാറ്റം വരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
16. നിബന്ധന 15-ൽ പറയുന്ന കാലയളവ് മുതൽ 2025 ഫെബ്രുവരി 15-നകം വീഡിംഗ് ജോലികൾ പൂർത്തിയാക്കേണ്ടതും വിത്തു ശേഖരണം 2025 മാർച്ച് 31-നു മുമ്പായി പൂർത്തിയാക്കേണ്ടതുമാണ്.

കൂടുതൽ വിവരങ്ങൾ തൃശ്ശൂർ റിസർച്ച് നോർത്ത് ഡിവിഷൻ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ നിന്നും (ഫോൺ : 04872334450) പ്രവർത്തി ദിവസങ്ങളിൽ പ്രവർത്തി സമയത്ത് ലഭ്യമാവുന്നതാണ്.

**കെ.കെ. സുനിൽകുമാർ ഐ.എഫ്.എസ്.**
ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ
റിസർച്ച് നോർത്ത് ഡിവിഷൻ, തൃശ്ശൂർ
(കേരള ഗവർണർക്കുവേണ്ടി)

## കേരള വനംവകുപ്പ്
## റിസർച്ച് നോർത്ത് ഡിവിഷൻ, തൃശ്ശൂർ.

## ഇ-ദർഘാസ് പരസ്യം

KFDDO/64276/2024-WPRNTSR/NR തിയ്യതി: 17/12/2024

സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ് ) നം. 26/17/എഫ്&ഡബ്ല്യൂ.എൽ.ഡി തിയ്യതി 20.05.2017 പ്രകാരം കേരള വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിലവിൽ യോഗ്യരായ 'എ,ബി,സി' ക്ലാസ്സ് കരാറുകാരിൽ നിന്നും, താഴെ പട്ടികയിൽ വിവരിക്കുന്ന പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഇ-ടെണ്ടർ മുഖേന ദർഘാസ് ക്ഷണിക്കുന്നു. ദർഘാസുകാർ വനം വകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും, ഇതരവ്യവസ്ഥകളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etender.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ State Bank of India-യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റ് ബാങ്കുകളുടെകാര്യത്തിൽ NEFT വഴിയോ ഓൺലൈൻ ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ www.etender.kerala.gov.in എന്ന വെബ് സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ദർഘാസ് പ്രമാണങ്ങളും www.etender.kerala.gov.in എന്ന വെബ് സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etender.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കു ശേഷം ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ദർഘാസിനോടൊപ്പം കേരള സർക്കാരിന്റെ 200/- രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റിന്റെയും മറ്റു രേഖകളുടെയും സ്കാൻ ചെയ്ത കോപ്പി ഓൺലൈനായി സമർപ്പിക്കേണ്ടതും, അവയുടെ ഒറിജിനൽ, സ്പീഡ്/രജിസ്റ്റേർഡ് പോസ്റ്റ് മുഖേന തൃശ്ശൂർ റിസർച്ച് നോർത്ത് ഡിവിഷൻ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ മുമ്പാകെ ഇ-ദർഘാസ് തുറക്കുന്നതിനു മുമ്പ് സമർപ്പിക്കേണ്ടതുമാണ്. ഇ-ദർഘാസുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ NEFT-ൽ നിന്നോ www.etender.kerala.gov.in വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ് ഡെസ്കിൽ നിന്നോ ഈ കാര്യാലയത്തിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാതു കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്.കരാറുകാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ദർഘാസ് സ്വീകരിച്ച ശേഷം പ്രവർത്തി ലഭിച്ച കരാറുകാരൻ എഗ്രിമെൻറ് വെച്ച് ജോലി ഏറ്റെടുക്കാൻ വീഴ്ച വരുത്തിയാൽ ടി പ്രവൃത്തികൾ ബന്ധപ്പെട്ട കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനഃദർഘാസ് ചെയ്യുന്നതും ഇപ്രകാരം പുനഃദർഘാസ് മൂലം സർക്കാരിനു വരുന്ന നഷ്ടങ്ങൾക്ക് ഒറിജിനൽ കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതും അപ്രകാരം ഉണ്ടാകുന്ന നഷ്ടങ്ങൾ വീഴ്ച വരുത്തിയ കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്ന് റവന്യൂ റിക്കവറി ആക്റ്റ് പ്രകാരം ഈടാക്കുന്നതാണ്. ഇതിനായി 200/- രൂപ മുദ്രപത്രത്തിൽ ഒരു സമ്മതപത്രം എഴുതി ഒപ്പിട്ട് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. കേരള പൊതുമരാമത്ത് വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും ഈ ടെണ്ടറിനും ബാധകമായിരിക്കും. ദർഘാസിനായി പരസ്യപ്പെടുത്തിയ തിയ്യതി ഏതെങ്കിലും കാരണത്താൽ അവധിയാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സ്ഥലത്തും സമയത്തും ദർഘാസ് നടത്തുന്നതായിരിക്കും. ഈ ദർഘാസിലെ ഏതൊരു പ്രവർത്തിയും ഒരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാകുന്നു. ദർഘാസിനെ സംബന്ധിച്ച് വിവരങ്ങൾ ചുവടെ പട്ടികയിൽ വിവരിക്കുന്നു.

| ക്രമ നം. | ടെണ്ടർ നം. | പ്രവൃത്തിയുടെ പേര് | ജോലി ചെയ്യുന്ന സ്ഥലം | ജോലിയുടെ അളവ് ഏകദേശം | അടങ്കൽ തുക |
|---|---|---|---|---|---|
| 1 | 02/2024-25 | 2024-25 വർഷത്തിൽ നിലമ്പൂർ റിസർച്ച് റെയിഞ്ചിലെ വിവിധ തേക്ക് തോട്ടങ്ങളിലെ പരിചരണവും വിത്തു ശേഖരണവും സംബന്ധിച്ച് ജോലികൾ (കരുളായി റെയിഞ്ചിലെ 1971 ചെറുപുഴ ബിറ്റ് 1 - 20 ഹെക്ടർ, 1970 നെടുങ്കയം - 25 ഹെക്ടർ, 1969 പൂളക്കപ്പാറ - 25 ഹെക്ടർ) | നിലമ്പൂർ റിസർച്ച് റെയിഞ്ച് | 19 ഹെക്ടർ 1500 കി.ഗ്രാം. തേക്ക് വിത്ത് | 5,37,000/- |

PN-679331

മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവ് ഏകദേശമാണ്. ജോലി പൂർത്തീകരിക്കുന്ന അവസരത്തിൽ അളവിൽ വ്യത്യാസം വരാവുന്നതാണ്. യഥാസമയം ജോലികൾ ചെയ്തു തീർക്കാത്തപക്ഷം നിലവിലുള്ള നിയമപ്രകാരം വനം വകുപ്പ് നിശ്ചയിക്കുന്ന പിഴ ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. നിലവിലുള്ള എല്ലാ ദർഘാസ്/കരാർ നിബന്ധനകളും ഈ കരാറിനും ബാധകമായിരിക്കും.

| ക്രമ നം. | ടെണ്ടർ നം. | പ്രവൃത്തിയുടെ പേര് | ഏകദേശ അടങ്കൽ | നിരതദ്രവ്യം | ദർഘാസ് ഫോറത്തിന്റെ വില | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|
| 1 | 02/2024-25 | 2024-25 വർഷത്തിൽ നിലമ്പൂർ റിസർച്ച് റെയിഞ്ചിലെ വിവിധ തേക്ക് തോട്ടങ്ങളിലെ പരിചരണവും വിത്തു ശേഖരണവും സംബന്ധിച്ച് ജോലികൾ (കരുളായി റെയിഞ്ചിലെ 1971 ചെറുപുഴ ബിറ്റ് 1 - 20 ഹെക്ടർ, 1970 നെടുങ്കയം - 25 ഹെക്ടർ, 1969 പൂളക്കപ്പാറ - 25 ഹെക്ടർ) | 5,37,000/- | 13,500/- | 1100 + GST (18%) | വീഡിംഗ് ജോലികൾ 2025 ഫെബ്രുവരി 15, വിത്തു ശേഖരണം 2025 മാർച്ച് 31 |

1298

| | | | |
|---|---|---|---|
| ടെണ്ടർ ഫോം വെബ്സൈറ്റിൽ ലഭ്യമാകുന്ന തിയ്യതി | : | 18/12/2024 | 05.00 PM |
| ടെണ്ടർ സ്വീകരിക്കുന്ന തിയ്യതി സമയവും | : | 28/12/2024 | 05.00 PM വരെ |
| ടെണ്ടർ തുറക്കുന്ന തിയ്യതി സമയവും | : | 31/12/2024 | 11.00 AM |
| റീടെണ്ടർ ആവശ്യമായി വരികയാണെങ്കിൽ | | | |
| ടെണ്ടർ സ്വീകരിക്കുന്ന തിയ്യതി സമയവും | : | 01/01/2025 | 05 PM വരെ |
| ടെണ്ടർ തുറക്കുന്ന തിയ്യതി സമയവും | : | 03/01/2025 | 11 AM |
| വീണ്ടും റീടെണ്ടർ ആവശ്യമായി വരികയാണെങ്കിൽ | | | |
| ടെണ്ടർ സ്വീകരിക്കുന്ന തിയ്യതി സമയവും | : | 06/01/2025 | 05 PM വരെ |
| ടെണ്ടർ തുറക്കുന്ന തിയ്യതി സമയവും | : | 09/01/2025 | 11 AM |

**കെ.കെ. സുനിൽകുമാർ ഐ.എഫ്.എസ്.**
ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ
റിസർച്ച് നോർത്ത് ഡിവിഷൻ, തൃശ്ശൂർ
(കേരള ഗവർണർക്കുവേണ്ടി)

## ദർഘാസ് നിബന്ധനകൾ

1. ജി.ഒ. (എം.എസ്) നം.-26/2017/വനം-വന്യജീവിവകുപ്പ് തീയ്യതി 20/05/2017 എന്ന സർക്കാർ ഉത്തരവിലെ എല്ലാ വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ദർഘാസ് സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും പി.ഡബ്ല്യൂ.ഡി. ദർഘാസ് വ്യവസ്ഥകൾക്കും, സ്റ്റോർ പർചേയ്സ് വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്.

2. ദർഘാസ് പ്രമാണങ്ങൾ ദർഘാസ് ഷെഡ്യൂളുകളും www.etender.kerala.gov.in എന്ന വെബ് സൈറ്റിൽലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ www.etender.kerala.gov.in ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽNEFT വഴിയോ ഓൺലൈൻ ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഫോറത്തിൻറെ വില ഒരിക്കൽ അടച്ചത് ഒരു കാരണവശാലും തിരിച്ച് നൽകുകയോ, മറ്റ് ജോലികൾക്കുള്ള ദർഘാസ് ഫോറത്തിന്റെ വിലയിലേക്ക് മാറ്റി നൽകുകയോ ചെയ്യുന്നതല്ല.

3. കരാറുകാരൻ കരാർ തുക ശതമാനത്തിൽ അക്കത്തിലോ, അക്ഷരത്തിലോ, നിശ്ചിത കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തിയതിൽ വ്യത്യാസമുള്ള പക്ഷം കുറഞ്ഞ തുക രേഖപ്പെടുത്തിയത് കണക്കിലെടുക്കുകയും, ആയത് അംഗീകരിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ദർഘാസിൽ രേഖപ്പെടുത്തിയ തുക വനം വകുപ്പിന്റെ അടങ്കൽ തുകയേക്കാൾ വളരെ കുറഞ്ഞ തുകയാണെങ്കിൽ ടി തുകയ്ക്ക് ടി ജോലി ചെയ്യുവാൻ സാധിക്കുകയില്ലെന്ന് വനംവകുപ്പിന് സംശയം ഉണ്ടാകുന്ന പക്ഷം ഇക്കാര്യത്തിൽ കരാറുകാരന്റെ വിശദീകരണം തേടുന്നതും ആയത് ബോദ്ധ്യപ്പെടുകയാണെങ്കിൽ, പ്രത്യേക സുരക്ഷാ തുകയായി കരാർ തുകയുടെ 10% പരമാവധി 30,000/രൂപ കരാറുകാരൻ കരാർ സ്ഥിരപ്പെടുത്തുന്നതിനു മുമ്പായി അടയ്ക്കേണ്ടതാണ്. കരാറുകാരൻ സമർപ്പിച്ച വിശദീകരണം ബോദ്ധ്യപ്പെടാത്തപക്ഷം ദർഘാസ് നിരാകരിക്കുവാൻ വനംവകുപ്പിന് അധികാരമുള്ളതായിരിക്കും.

4. ദർഘാസ് സമർപ്പിക്കുന്നതിനു മുമ്പ് കരാറുകാരൻ, ദർഘാസ് കരാർ വ്യവസ്ഥകളും, ജോലി നടത്തേണ്ടതായ സ്ഥലവും, പ്രവൃത്തികളും പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സമർപ്പിച്ചതിനുശേഷം ഇക്കാര്യത്തിലുള്ള അവകാശവാദങ്ങൾ പിന്നീട് ഒരു കാരണവശാലും കണക്കിലെടുക്കുന്നതല്ല.

5. നിശ്ചിത സമയപരിധിക്കകം ലഭിക്കാത്ത ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

6. ദർഘാസ്/ലേലങ്ങൾ തൃശ്ശൂർ റിസർച്ച് നോർത്ത് ഡിവിഷൻ കാര്യാലയത്തിൽ നിശ്ചയിച്ചിരിക്കുന്ന സമയത്ത് തൽസമയം ഹാജരുള്ള ദർഘാസുകാരുടേയോ അവർ രേഖാമൂലം ചുമതലപ്പെടുത്തുന്ന പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ഓൺലൈനായി തുറക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ മതിയായ കാരണംകൊണ്ട് ദർഘാസ് തുറക്കുന്ന ദിവസം അവധിയായി പ്രഖ്യാപിക്കുകയോ പ്രവൃത്തി ദിനം അല്ലാതെ വരുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തിദിവസം അതേസമയത്തും സ്ഥലത്തും ടെണ്ടർ തുറക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

7. സാധാരണയായി കുറവ് തുക രേഖപ്പെടുത്തിയ ഇ-ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. എന്നാൽ ഏത് ദർഘാസ് സ്വീകരിക്കുവാനോ, നിരാകരിക്കുവാനോ, ഉള്ള അധികാരം ദർഘാസ് അംഗീകരിക്കുന്ന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

8. ദർഘാസ് സമർപ്പിച്ചതിനുശേഷം അത് പിൻവലിക്കുവാൻ കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

9. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്റ്റേർഡ് കത്ത് മുഖാന്തരം അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 15 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള ദർഘാസ് വിലയുടെ 0.1% (മിനിമം 200 രൂപ) വിലയുള്ള കേരള സർക്കാർ മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പുവയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പുവയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽതൊട്ടടുത്ത നിരക്ക്

രേഖപ്പെടുത്തിയിട്ടുള്ള ആളിനെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽകൂടി നടത്തുന്നതാണ്. ഇതിൽവെച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്ന പക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

10. വിജയിയാകുന്ന കരാറുകാരൻ കരാർ തുകയുടെ 10% പരമാവധി 5,00,000/- (അഞ്ചു ലക്ഷം രൂപ) സെക്യൂരിറ്റി അടയ്ക്കേണ്ടതാണ്. ടി സെക്യൂരിറ്റി തുക കരാർ ജോലി അവസാനിച്ച് കരാറുകാരന്റെ ബാദ്ധ്യത തിട്ടപ്പെടുത്തിയതിനുശേഷം മാത്രം തിരികെ നൽകുന്നതായിരിക്കും.
11. കരാറുകാരൻ സോൾവൻസി നടത്തിയിട്ടുള്ള വസ്തുക്കൾ കരാർ കാലാവധിയിൽ അന്യാധീനപ്പെടുത്തുവാൻ പാടുള്ളതല്ല. ഇക്കാര്യത്തിൽ ആവശ്യമായ സമ്മതപത്രം കരാർ ഒപ്പിടുന്ന സമയത്ത് നൽകേണ്ടതാണ്.
12. ദർഘാസ് തുറന്നതിനുശേഷം ലഭിക്കുന്ന യാതൊരു വാഗ്ദാനങ്ങളും സ്വീകരിക്കുന്നതല്ല.
13. കരാർ ലഭിക്കാത്ത കരാറുകാരുടെ നിരതദ്രവ്യം വിജയിയായ കരാറുകാരന്റെ ദർഘാസ് സ്ഥിരപ്പെടുത്തിയതിനുശേഷം തിരികെ നൽകുന്നതാണ്.
14. പട്ടികയിൽ കാണിച്ചിട്ടുള്ള ജോലിയുടെ അളവ് ഏകദേശം മാത്രമാണ്. നടപ്പിലാക്കുന്ന സമയത്ത് അളവിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതാണ്. യഥാർത്ഥ അളവിലുള്ള ജോലി ചെയ്യുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.
15. പട്ടികയിൽ പറഞ്ഞ വീഡിംഗ് ജോലികൾ 2025 ജനുവരി മാസത്തിൽ ആരംഭിച്ച് 2025 ഫെബ്രുവരി 15-നകം പൂർത്തിയാക്കേണ്ടതും വിത്തു ശേഖരണം 2025 മാർച്ച് 31-നു മുമ്പായി അവസാനിപ്പിക്കേണ്ടതുമാണ്. ജോലി തുടങ്ങുന്ന തിയ്യതി മാറ്റം വരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
16. നിബന്ധന 15-ൽ പറയുന്ന കാലയളവ് മുതൽ 2025 ഫെബ്രുവരി 15-നകം വീഡിംഗ് ജോലികൾ പൂർത്തിയാക്കേണ്ടതും വിത്തു ശേഖരണം 2025 മാർച്ച് 31-നു മുമ്പായി പൂർത്തിയാക്കേണ്ടതുമാണ്.

കൂടുതൽ വിവരങ്ങൾ തൃശ്ശൂർ റിസർച്ച് നോർത്ത് ഡിവിഷൻ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ നിന്നും (ഫോൺ : 04872334450) പ്രവർത്തി ദിവസങ്ങളിൽ പ്രവർത്തി സമയത്ത് ലഭ്യമാവുന്നതാണ്.

**കെ.കെ. സുനിൽകുമാർ ഐ.എഫ്.എസ്.**
ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ
റിസർച്ച് നോർത്ത് ഡിവിഷൻ, തൃശ്ശൂർ
(കേരള ഗവർണർക്കുവേണ്ടി)